ഉത്തരം

(എ) 4 വർഷമായി വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു.

(ബി) ഉണ്ട്.

(സി) കെട്ടിടനിർമ്മാണത്തിനായി അടങ്കൽ തുക നിശ്ചയിച്ച് ടെൻഡർ ക്ഷണിക്കുകയും അതനുസരിച്ച് പി.ഡബ്ല്യു.ഡി. പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ സിവിൽ സർവ്വീസ് പരീക്ഷയിൽ പിൻതള്ളപ്പെടുന്നതായ പരാതി

89 (1777) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക -പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സർവ്വീസ് പരീക്ഷകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർ പിൻതള്ളപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ കാരണങ്ങളെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവ അപര്യാപ്തമാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കൂടുതലായി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. എന്നിരുന്നാലും ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ 1989-ൽ ആരംഭിച്ച ഐ.എ.എസ്. കോച്ചിംഗ് സെന്ററിൽ നിന്നും ആദ്യമായി ഈ വർഷം ഒരാൾ ഐ.എ.എസ്. എക്സാമിനേഷൻ പാസ്സായിട്ടുണ്ട്.

(ബി) ഈ വകുപ്പിൽ നിന്നും പ്രത്യേക പഠനം നടത്തിയിട്ടില്ല. സിവിൽ സർവ്വീസ് പരീക്ഷയിൽ കേരളത്തിൽ നിന്നും വിജയിക്കുന്നവരുടെ എണ്ണം പൊതുവെ കുറവാണ്. ഈ പ്രവണത പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ ഇടയിൽ മാത്രമുള്ള പ്രതിഭാസമല്ല.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി എന്ന സ്ഥാപനത്തിൽ പരിശീലനം നൽകുന്നുണ്ട്. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്ന സ്ഥാപനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് ഗ്രാന്റ് അനുവദിച്ച് നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

തെറ്റായ വിവരങ്ങൾ നൽകി പട്ടികജാതി-പട്ടികവർഗ്ഗ സംവരണ ആനുകൂല്യങ്ങൾ നേടിയവർക്കെതിരെ നടപടി

90 (1778) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെറ്റായ വിവരങ്ങൾ നൽകി സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ സംവരണാനുകൂല്യം നേടി ഉയർന്ന ഉദ്യോഗങ്ങളും വിദ്യാഭ്യാസ സൗകര്യങ്ങളും നേടിയ എത്ര ഉദ്യോഗസ്ഥരുടെ പേരിൽ സർക്കാർ നടപടി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പരാതികളെ സംബന്ധിച്ച് കിർത്താഡ്സ് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ ;

(സി) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ ഇതുസംബന്ധമായി എത്ര ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുത്തു ;

(ഡി) ഇക്കാരണത്താൽ എത്ര ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്ന് പിരിച്ചുവിട്ടിട്ടുണ്ട് ; വിശദവിവരം നൽകാമോ ;

(ഇ) സംസ്ഥാന ഗവൺമെന്റിന്റെ ഉയർന്ന തസ്തികകളിൽ ഉള്ള ഏതെല്ലാം ഉദ്യോഗസ്ഥരുടെ പേരിൽ ഇതു സംബന്ധമായി ഇപ്പോൾ പരാതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഈ പരാതികളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ;

(ജി) കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കെ.എസ്.ആർ.ടി.സി. തുടങ്ങിയ പൊതു മേഖലാസ്ഥാപനങ്ങളുടെ ഉയർന്ന സ്ഥാനങ്ങൾ വഹിക്കുന്ന ഏതൊക്കെ ഉദ്യോഗസ്ഥരുടെ പേരിലാണ് ഇത്തരത്തിലുള്ള പരാതി കിട്ടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(എച്ച്) സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ ജാതികളെ വ്യത്യസ്ത രീതിയിൽ എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെടുത്തുന്നതുകൊണ്ട് ആശയക്കുഴപ്പവും പ്രശ്നവുമുണ്ടാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഐ) ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 8-5-1995-ലെ ജി.ഒ.(പി) നം.16/95 പജപലവിവ പ്രകാരം വ്യാജജാതി സർട്ടിഫിക്കറ്റ് സമ്പാദിച്ചവരെക്കുറിച്ച് അന്വേഷിക്കുന്നതിനായി സ്ക്രൂട്ടിനി കമ്മിറ്റി രൂപീകരിച്ചതിനുശേഷം നാളിതുവരെ വ്യാജ ജാതി സർട്ടിഫിക്കറ്റ് സമ്പാദിച്ചവരെക്കുറിച്ച് 266 റിപ്പോർട്ടുകൾ കിർത്താഡ്സിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഇവരിൽ 225 പേർ വ്യാജസർട്ടിഫിക്കറ്റ് ഉപയോഗിച്ച് ജോലി നേടിയവരാണ്. ഇവർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly